**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസം -ഉച്ചഭക്ഷണ പദ്ധതി- നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് -ഭേദഗതി വരുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം. 3661/2012/പൊ.വി. തീയതി, തിരുവനന്തപുരം, 1/08/2012

---

പരാമർശം:- 1) 16.6.2012 ലെ സ.ഉ (സാധാ) നം. 2814/2012/പൊ.വി. നമ്പർ ഉത്തരവ്

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28.6.2012, 23.7.2012 എന്നീ തീയതികളിലെ എൻ.എം. 1/20685/12/ഡി.പി.ഐ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഉച്ചഭക്ഷണ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി ഒരു അദ്ധ്യയന വർഷത്തേക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് നേരിട്ട് മുൻകൂട്ടി നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് സൂചന ഒന്നു പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ താഴെ പറയും പ്രകാരം ഭേദഗതികൾ വരുത്തി പരിഷ്കരിച്ച് ഉത്തരവാകണമെന്ന് സൂചന രണ്ട് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

1. 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപയും, 150/- രൂപ പാചകകൂലി

2. 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 6 രൂപയും ( പാചകക്കൂലി ഉൾപ്പെടെ)

3. 501-ന് മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6 രൂപയും 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപാ വീതവും ( പാചകക്കൂലി ഉൾപ്പെടെ)

ഉച്ചഭക്ഷണ പരിപാടി വികേന്ദ്രീകൃതമായി നടപ്പാക്കുമ്പോൾ പലവ്യഞ്ജനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ നിന്നും, പാൽ മിൽമയിൽ നിന്നും തന്നെ വാങ്ങാൻ നിർദ്ദേശം നൽകുകയും ഇത് ഏകോപിപ്പിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

മേൽ ഒന്നാം പരാമർശ ഉത്തരവ് മുകളിൽ പറയും പ്രകാരം ഭേദഗതി വരുത്തിക്കൊണ്ടും ഇത് നടപ്പാക്കുന്നതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. ശിവശങ്കർ

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.37744/ഡി1/12/പൊ.വി.

പൊതു വിദ്യാഭ്യാസ(ഡി) വകുപ്പ്,
തിരുവനന്തപുരം.
തീയതി:1/08/2012

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം: പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്ന സംബന്ധിച്ച ഉത്തരവിൽ ഭേദഗതി വരുത്തിയത്- മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 1) 16.6.2012 ലെ ജി.ഒ. (സാധാ) നം. 2814/2012/പൊ.വി. നമ്പർ ഉത്തരവ്
2) താങ്കളുടെ 28.6.2012, 23.7.2012 എന്നീ തീയതികളിലെ എൻ.എം. 1/20695/12/ഡി.പി.ഐ നമ്പർ കത്തുകൾ
3) സ.ഉ (സാധാ) നം.3661/2012/പൊ.വി. തീയതി 01/08/2012

സൂചന ഒന്നിലേക്കും രണ്ടിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആയതിൻ പ്രകാരം ഭേദഗതികൾ വരുത്തി പരിഷ്ക്കരിച്ച ഉത്തരവ് ഇതോടൊന്നിച്ചയക്കുന്നു. അതോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങളും നൽകുന്നു.

1. പുതിയ സംവിധാനം ഓണം അവധികഴിഞ്ഞ് സ്കൂൾ തുറക്കുന്ന മുറയ്ക്ക് നിലവിൽ വരുത്തേണ്ടതും ആദ്യത്തെ ടേമിൽ സ്കൂളിൽ ഏതു രീതിയിലാണ് ഉച്ചഭക്ഷണം നൽകിയത് എന്ന് വിലയിരുത്തി ആയതിന്റെ തുക settle ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലുമുള്ള കമ്മിറ്റികൾ വിളിച്ചു ചേർത്ത് ഒരു വിലയിരുത്തൽ നടത്തേണ്ടതുമാണ്.

2. ഇപ്പോൾ നിർദ്ദേശിച്ച രീതിയിൽ നിലവിൽ ഉച്ചഭക്ഷണം നൽകി വരുന്ന നിരവധി സ്കൂളുകൾ ഉണ്ട്. ഇവയുടെ പ്രവർത്തനം കൂടി പരിശോധിച്ച് " Best case studies" ന്റെ ഒരു Compilation ഉണ്ടാക്കേണ്ടതും ആയത് മേൽപ്പറഞ്ഞ കമ്മിറ്റികളിൽ അവതരിപ്പിക്കേണ്ടതുമാണ്.

3. പുതിയ സർക്കുലർ നടപ്പാക്കേണ്ടതു സംബന്ധിച്ച് "Sample Menus with Costing " തയ്യാറാക്കേണ്ടതും ഇക്കാര്യത്തിലുള്ള അദ്ധ്യാപകരുടെ സംശയങ്ങൾ ദുരീകരിക്കാനുള്ള ഒരു FAQ ( Frequently Asked Questions) തയ്യാറാക്കി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പി. കൃഷ്ണ ശർമ്മ
ഡെപ്യൂട്ടി സെക്രട്ടറി,
സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ